₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L  L I F E  V O I C E

Monthly

Volume 10
Issue 2

**August 2021**

pages 24

“എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും. എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല”

**(യോഹന്നാൻ 15:4,5)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 10 Issue 2 August 2021 pages 24 Rs.5/-**



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.



**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.

**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**



**Book No. 116**


## ഉള്ളടക്കം

പേജ്


- ശുശ്രൂഷകളോ അതോ... 3
- പ്രതികരണങ്ങൾ 6
- തൃശ്ശൂരിലെ താരപ്പേട്ടൻ (12) 8
- കാൽവിനിസത്തെ.... 11
- പുതിയനിയമത്തിലൂടെ....(20) 14
- പരിശുദ്ധാത്മാവ് (39) 17
- യോവേൽ (24) 20
- സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ(57) 22
- ഛർദ്ദി കോരാൻ നടക്കുന്നവർ 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ശുശ്രൂഷകളോ അതോ പ്രകടനങ്ങളോ?
# (Ministries or Performances?)

ആത്മികരംഗത്ത് ശുശ്രൂഷകൾ എന്ന പേരിൽ നടക്കുന്നത് പലതും ശുശ്രൂഷകളല്ല, വെറും പ്രകടനങ്ങളാണ് അഥവാ അഭിനയമാണ് എന്നു തോന്നിയിട്ടുണ്ട്. പ്രാർത്ഥന, പ്രസംഗം എന്നു തുടങ്ങി ശുശ്രൂഷകളുടെ സമസ്ത മേഖലകളിലും അഭിനയം നിറഞ്ഞുനിൽക്കുന്നു. എന്റെ ശുശ്രൂഷ കൊണ്ട് സഭയ്ക്ക് ആത്മികവർദ്ധനവുണ്ടാകണം എന്ന ചിന്തയല്ല പലരേയും ഭരിക്കുന്നത്; എന്റെ പ്രകടനം നന്നായി എന്നു കേൾക്കണം–അതാണ് പല രുടെയും ഉദ്ദേശ്യം.

പ്രാർത്ഥിക്കുമ്പോൾ ചിലർ ആത്മാർത്ഥമായി കരഞ്ഞുപോകാറുണ്ട്. അതു സ്വാഭാവികം. പക്ഷേ മറ്റു ചിലർ പ്രാർത്ഥിക്കുമ്പോൾ കരഞ്ഞു പ്രാർത്ഥിക്കുന്നതു പോലെ തോന്നാറുണ്ട്. കരയുന്ന പോലുള്ള ശബ്ദം, ഏങ്ങലടി എല്ലാം ഉണ്ടാകും. പക്ഷേ അവരുടെ കണ്ണ് നിറഞ്ഞിട്ടുണ്ടാവില്ല. കണ്ണു അല്പം പോലും നിറയാതെയുള്ള ഇത്തരം കരഞ്ഞുള്ള പ്രാർത്ഥന യിൽ ഇക്കൂട്ടർ നടത്തുന്നത് വെറും അഭിനയമാണ്. സങ്കടം വരുന്നുണ്ടെ ങ്കിൽ കരയുവാനുള്ള അനുവാദം നമുക്കുണ്ട്. നാം കരയണം. എന്നാൽ അഭിനയം വേണ്ട എന്നാണ് ഞാൻ ഉദ്ദേശിച്ചത്.

കരഞ്ഞുകൊണ്ട് സംസാരിക്കുന്ന ഭാഗം സിനിമയിൽ അഭിനയിക്കുമ്പോൾ നടീനടന്മാർ കണ്ണിൽനിന്നും കണ്ണീരു വരുന്നതിനായി ഗ്ലിസറിൻ പോലുള്ളവ ഉപയോഗിക്കുമത്രേ. ആത്മികരംഗത്തെ നടീനടന്മാരും ഒരു കുപ്പി ഗ്ലിസറിൻ പോക്കറ്റിൽ കരുതട്ടെ. എന്നിട്ട് പ്രാർത്ഥന, പ്രസംഗം എന്നിവയുടെ ഇട യ്ക്കുള്ള കരച്ചിൽനാടകം നടത്തുമ്പോൾ ഈ ഗ്ലിസറിൻ ആരുമറിയാതെ കണ്ണിൽ പുരട്ടുക. കുറച്ചുകൂടി ഒറിജിനാലിറ്റി ലഭിക്കും. (ആത്മാർത്ഥമായി കരയുന്നവരെയല്ല ഞാൻ ഉദ്ദേശിച്ചത് എന്നു ഒന്നുകൂടി വ്യക്തമാക്കട്ടെ).

മറ്റുള്ളവർക്കുവേണ്ടി കരഞ്ഞുപ്രാർത്ഥിക്കുന്നത് നല്ലതാണ്. അതാവശ്യ മാണ്. ഇത്തരം പ്രാർത്ഥനകളാൽ അനേകരുടെ ജീവിതം അനുഗ്രഹിക്ക പ്പെട്ടിട്ടുണ്ട്. കരച്ചിൽ വരാതെ കരയരുത് എന്നേ ഞാൻ ഉദ്ദേശിച്ചുള്ളൂ. എല്ലാം

ആത്മാർത്ഥമായി ചെയ്യുക. ദൈവം നമ്മുടെ ഹൃദയങ്ങളെ നോക്കുന്നവ നാണ്. നമ്മുടെ ആത്മാർത്ഥതയുടെ ആഴം മനസ്സിലാക്കുന്നവനാണ്. ദൈവം "കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല" എന്നു ഉല്പത്തി 4:5 ൽ നാം വായിക്കുന്നുണ്ടല്ലോ. ദൈവത്തിന്റെ നോട്ടം ആദ്യം ചെന്നത് കയീനി ലാണ്. പിന്നീട് അവന്റെ വഴിപാടിലും. നമ്മുടെ ശുശ്രൂഷകളിലേക്കല്ല, നമ്മി ലേക്കാണ് ദൈവത്തിന്റെ നോട്ടം ആദ്യം എത്തുന്നത്. നമ്മിൽ പ്രസാദമി ല്ലെങ്കിൽ പിന്നെ നമ്മുടെ ശുശ്രൂഷകളിലും പ്രസാദമില്ല എന്നു വരും.

നമ്മുടെ ശുശ്രൂഷകളെയായിരിക്കും ജനം ആദ്യം വിലയിരുത്തുന്നത്. അത് അടിപൊളിയായി എന്നു അവർ അഭിപ്രായം പറഞ്ഞുവെന്നും വരാം. പക്ഷേ ദൈവം ആദ്യം നോക്കുന്നതും വിലയിരുത്തുന്നതും ശുശ്രൂഷയെയ ല്ല, അത് ചെയ്യുന്ന വ്യക്തിയെയാണ്. ഈ ചിന്ത നമ്മെ ഭരിക്കേണ്ടതുണ്ട്. സ്റ്റേജിൽ ഇരിക്കുമ്പോൾ ആത്മാവിൽ നിറഞ്ഞു കയ്യുയർത്തി വീശുന്നവർ പലരും സദസ്സിന്റെ കൂട്ടത്തിലിരിക്കുമ്പോൾ 'ആത്മാവിൽ നിറയാതെ' ഒതുങ്ങി ഇരിക്കുന്നത് കാണാറുണ്ട്. സ്റ്റേജിൽ ഇരിക്കുമ്പോൾ മാത്രമേ ആത്മാവ് വരികയുള്ളൂ എന്നുണ്ടോ?

ശുശ്രൂഷകളുടെ മധ്യേയുള്ള അഭിനയം നടത്തുന്നവർ അതു നിറുത്ത ണം. അഭിനയമല്ല, ആത്മാർത്ഥതയാണ് നമുക്കു ആവശ്യം. നാം എന്തായി രിക്കുന്നുവോ, അതുപോലെ തന്നെ നാം ആയിരിക്കുക. നമ്മുടെ വികാരപ്ര കടനങ്ങൾ ആത്മാർത്ഥതയോടെ ആയിരിക്കട്ടെ. ചില ബാലന്മാർ സ്റ്റേജിൽ കയറി മുതിർന്നവർ നടത്തുന്നത് അനുകരിച്ചുകൊണ്ട് പ്രസംഗങ്ങളും രോഗ ശാന്തിയും നടത്തുന്നത് നാം കാണാറുണ്ടല്ലോ. ഇത്ര ചെറുപ്പത്തിലേ ഇതു പോലെയൊക്കെ അഭിനയിക്കുന്ന ഈ പയ്യന്മാരൊക്കെ വലുതായാൽ സഭ യുടെ ഭാവി എന്തായിരിക്കും?

ഏതെങ്കിലും ഒരു പ്രത്യേക സഭാവിഭാഗത്തെ ഇവിടെ ഞാൻ ഉദ്ദേശി ക്കുന്നില്ല. ശുശ്രൂഷകളുടെ സമയത്ത് അഭിനയം ആരു നടത്തിയാലും അത് വിമർശിക്കപ്പെടേണ്ടത് തന്നെയാണ്. എന്തുകൊണ്ടെന്നാൽ ശുശ്രൂഷകൾ ദൈവത്തെ പ്രസാദിപ്പിക്കാനുള്ളതാണ്. അല്ലാതെ മനുഷ്യന്റെ കയ്യടി വാങ്ങാൻ ഉദ്ദേശിച്ചുള്ളതല്ല. മനുഷ്യന്റെ കയ്യടി വാങ്ങാൻ ലക്ഷ്യമിടുന്നവ രാണ് അഭിനയിക്കുന്നത്.

സംഗീതശുശ്രൂഷ നടത്തുമ്പോൾ പലരും കാണിച്ചുകൂട്ടുന്ന അഭിനയ ങ്ങൾ പലപ്പോഴും ദുസ്സഹമായി തോന്നാറുണ്ട്. പാട്ടിൽ ഗായകൻ ചില വരി കൾ പാടിക്കഴിഞ്ഞാൽ ഏതാനും സെക്കന്റുകൾ സംഗീതോപകരണങ്ങളുടെ മാത്രം പ്രയോഗമാണ്. അതു കഴിഞ്ഞാൽ വീണ്ടും ഗായകൻ പാടുന്നു. വീണ്ടും ചില സെക്കന്റുകൾ സംഗീതോപകരണങ്ങൾ മാത്രം. ഇതിൽ സംഗീ

തോപകരണങ്ങളുടെ ശബ്ദം മാത്രം ഉള്ള ഇടങ്ങളിൽ ചിലർ ചിലതൊക്കെ വിളിച്ചുകൂവുന്നത് കേൾക്കാറുണ്ട്. എന്തിന്? അടുത്തതായി പാടാൻ പോകുന്ന വരികൾ ചിലർ ആ സമയത്ത് പറയും. എന്തിന്? ഒരു മൈക്ക് കയ്യിൽ കിട്ടിയാൽ അതിന് ഒരല്പം പോലും വിശ്രമം കൊടുക്കില്ലെന്നോ!

പാടുന്നയാൾക്ക് അല്പമൊരു വിശ്രമം കിട്ടേണ്ടതിനാണ് പാട്ടിന്റെ ഓരോ ഭാഗം കഴിയുമ്പോഴും ഇടവേള കൊടുക്കുന്നത്. ആ ഇടവേള സംഗീതോപ കരണങ്ങളുടെ ശബ്ദം കൊണ്ട് നിറയ്ക്കുന്നു. ആ ഇടവേളകളിൽ ഗായ കൻ മിണ്ടാതിരിക്കണം. പലതും വിളിച്ചുകൂവുന്നതും ദൈവത്തെ ഉച്ചത്തിൽ സ്തുതിക്കുന്നതും ചെയ്യാതെ ഒന്നു മിണ്ടാതിരിക്കാൻ ഗായകൻ ശ്രദ്ധിക്ക ണം. നിങ്ങളുടെ തൊണ്ടയ്ക്കും വേണ്ടേ ഒരു വിശ്രമം? ഞങ്ങളുടെ ചെവിക്കും വേണ്ടേ ഒരു വിശ്രമം? നിങ്ങളുടെ കയ്യിലെ മൈക്കിനും വേണ്ടേ ഒരു വിശ്രമം? അഭിനയം വരുമ്പോഴാണ് ഇത്തരം അപമര്യാദകൾ വന്നുകൂടുന്നത്.

ചില ആളുകൾ പ്രസംഗിക്കുമ്പോൾ ഒരു സ്വഭാവം, പ്രസംഗം കഴിഞ്ഞാൽ മറ്റൊരു സ്വഭാവം. അപ്പോൾ അതിലൊന്ന് അഭിനയമല്ലേ? ചിലർ പ്രസംഗി ക്കുമ്പോൾ വലിയ കാര്യങ്ങളൊക്കെ വിളിച്ചുപറയും. പക്ഷേ ജീവിതത്തിൽ താൻ പ്രസംഗിച്ചതിന്റെ നേരെ വിപരീതം ചെയ്യുകയും ചെയ്യും. അപ്പോൾ പ്രസംഗം അഭിനയമായിരുന്നില്ലേ? അഭിനയിച്ചു കാണിക്കാതെ ജീവിച്ചു കാണിക്കാൻ നമുക്കു കഴിയണം. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ശുശ്രൂഷകൾ ചെയ്യാൻ നമുക്കു കഴിയണം. ഇതിനെല്ലാം വലിയ ദൈവ കൃപ നമുക്കാവശ്യമുണ്ട്.

(എംവിഎസ്)

## റിയൽ ലൈഫ് വോയ്സ്ഃ ലക്ഷ്യവും നയവും

**ലക്ഷ്യം** ഃ സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനവും വചനപഠനവും.

**നയം** ഃ ഞങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ഞങ്ങൾ എഴുതുന്നു. വായനക്കാർക്ക് അവ പരിശോധിച്ച്, യോജിക്കുകയോ വിയോ ജിക്കുകയോ ചെയ്യാം. ഞങ്ങൾക്ക് വായനക്കാരുമായുള്ള സ്നേഹ ബന്ധവും അടുപ്പവും മാസികയിലെ ലേഖനങ്ങളിലെ ആശയ ങ്ങളുമായി കൂട്ടി ക്കുഴയ്ക്കരുത്. സ്നേഹബന്ധം വേറെ; ലേഖന ങ്ങളിലെ ആശയങ്ങൾ വേറെ! ലേഖനങ്ങളിലെ ആശയങ്ങളോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ പോലും, സ്നേഹബന്ധം നിലനിൽക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം. **(എഡിറ്റർ)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം**
**ഫോൺ: 95 44 557 557**

## Jose P V, Thiroor, Thrissur

എല്ലാ മാസവും മാസിക കിട്ടുന്നുണ്ട്. മുഴുവനും വായിക്കുന്നുമുണ്ട്. ജൂലായ് മാസികയിൽ കുറുക്കനെപ്പറ്റി എഴുതിയ ചിന്തകൾ മനോഹരമായിരുന്നു. ഉത്തമഗീതത്തിലെ മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാരെ ഇതുമായി ബന്ധിപ്പിച്ച് ചിന്തിച്ചത് നന്നായി. ബ്രണ്ണൻകോളേജിലെ നേതാക്കന്മാരുടെ ഏറ്റുമുട്ടൽ ഇമ്മാനുവിന്റെ സംശയങ്ങളിൽ അവതരിപ്പിച്ചത് രസകരമായിരുന്നു. ജൂൺമാസത്തിൽ കൊറോണയുടെ പശ്ചാത്തലത്തിൽ എഴുതിയ ചെറുകഥയിൽ പറഞ്ഞ കാര്യങ്ങൾ വാസ്തവമായ കാര്യങ്ങൾ തന്നെയാണ്.

## T A Johnson, Ollur, Thrissur

(1) Magnum opus എന്ന പേരിൽ ജോൺ കാൽവിൻ ഏതെങ്കിലും പുസ്തകം എഴുതിയിട്ടുണ്ടോ? Magnum opus എന്നു പറഞ്ഞാൽ ഒരാളുടെ ഏറ്റവും പ്രധാനപ്പെട്ട സൃഷ്ടി (art, music or literature) എന്നല്ലേ അർത്ഥം? അത് ഒരു പുസ്തകത്തിന്റെ പേരല്ല.

(2) തമാശരൂപത്തിൽ എഴുതാവുന്നതല്ല ദൈവത്തിന്റെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ.

**(എഡിറ്റർ: (1) കാൽവിന്റെ പുസ്തകത്തിന്റെ പേര് Institutes of the Christian Religion എന്നാണ്. ഇത് കാൽവിന്റെ Magnum Opus (greatest work) എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ഇക്കാര്യം ചൂണ്ടിക്കാണിച്ചതിനു നന്ദി.**

**(2) ദൈവം ചിലരെ തള്ളിക്കളയുന്നു; അതുകൊണ്ടു മാത്രം അവർ രക്ഷിക്കപ്പെടാതിരിക്കുന്നു. അതിനു ദൈവം അവരെ ശിക്ഷിക്കുന്നു. ഇതു തമാശയല്ലാതെ മറ്റെന്താണ്? ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെപ്പറ്റിയല്ല ഞാൻ തമാശരൂപത്തിൽ എഴുതിയത്; കാൽവിന്റെ പഠിപ്പിക്കലുകളെയാണ് ഞാൻ വിമർശിച്ചതും കളിയാക്കിയതും. ഒരു മനുഷ്യനെ അവൻ നശിച്ചുപോകണം എന്നു മുന്നമെ തീരുമാനിച്ചുറപ്പിച്ച് അവനെ സൃഷ്ടിക്കുകയും ഈ ഭൂമിയിൽ ജീവിക്കാൻ അനുവദിക്കുകയും ചെയ്യുന്നവനാണോ നമ്മുടെ ദൈവം? അങ്ങനെയുള്ള ദൈവത്തെപ്പറ്റി, ദൈവം സ്നേഹം തന്നേ എന്ന് എങ്ങനെ പറയാൻ കഴിയും?)**

## John Varghese K, Malampuzha, Palakkad

മാസിക കൃത്യമായി ലഭിക്കുന്നു. മുഴുവനും വായിക്കുന്നു. ജൂലായ് ലക്കത്തിലെ കാക്കകൾക്ക് കക്കൂസുകൾ എന്നു ആനുകാലികത്തിൽ എഴുതിയത് നന്നായി. ഇതുപോലെ കാര്യങ്ങൾ തുറന്നെഴുതുവാൻ ആളുകൾ ഉണ്ടാകണം. സ്നേഹം നഷ്ടപ്പെടും എന്നു കരുതി പലരും അതിനു തയ്യാറാവുന്നില്ല.

## Alex Kanjooparambil, Kanjirappilly, Kottayam

സി. വി. താരപ്പന്റെ ചരിത്രം പതിവായി വായിക്കുന്ന ഒരു സുവിശേഷകനാണ് ഞാൻ. അതിൽ 'ബ്രദറൺസഭയുമായുള്ള യോജിപ്പ്' എന്ന ഭാഗം വായിച്ചപ്പോൾ താഴെപ്പറയുന്ന മൂന്നു കാര്യങ്ങൾ വ്യക്തമാകുന്നു. (1) കെ. വി.സൈമൺ തന്റെ നിലപാടുകളിൽ മാറ്റം വരുത്തി, വിയോജിതസഭയിൽ നിന്നും മാറി ബ്രദറുകാരനായി എന്നത് ഓർത്ത് ബ്രദറുകാർക്ക് സന്തോഷിക്കാം. (2) ബ്രദറൺസഭയിൽ ചേർന്നതിനാൽ അദ്ദേഹത്തിന്റെ പുസ്തകങ്ങളും പാട്ടുകളും ഇന്നും ഓർമ്മിക്കപ്പെടുന്നു. (3) താരപ്പൻസഹോദരനാകട്ടെ തന്റെ നിലപാടുകളിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറായില്ല. അതുകൊണ്ട് ഇന്ന് അദ്ദേഹത്തെ അധികമാരും ഓർക്കുന്നില്ല. അങ്ങനെ ഓർക്കണമെന്നു അദ്ദേഹം ആഗ്രഹിച്ചുമില്ല.

## K. S. Abraham, Koovappara, Ernakulam

സി. വി. താരപ്പനെക്കുറിച്ചുള്ള ലേഖനപരമ്പര മാസികയിൽ പ്രസിദ്ധീകരിക്കുന്നത് വളരെ നല്ല തീരുമാനമായിരിക്കുന്നു. അദ്ദേഹത്തെക്കുറിച്ച് ഇതിനു മുമ്പ് ആരും പറഞ്ഞുകേട്ടിട്ടില്ല. അദ്ദേഹം അസാമാന്യ ധൈര്യശാലിയായിരുന്നു. വിശ്വാസത്തിനുവേണ്ടി എന്തു വില കൊടുക്കാനും അദ്ദേഹം തയ്യാറായി. സമ്പത്തിന്റേയും പ്രശസ്തിയുടെയും സുഖലോലുപതയുടെയും പുറകെ അദ്ദേഹം പോയില്ല. ഇത്തരം ആളുകളെക്കുറിച്ച് എല്ലാവരും അറിയട്ടെ.

കാൽവിനെ ഒരു നവീകരണനേതാവ് എന്ന നിലയിലാണ് മനസ്സിലാക്കിയിരുന്നത്. എന്നാൽ അദ്ദേഹത്തിനു ഇങ്ങനെയൊരു ഇരുണ്ടവശം കൂടിയുണ്ടായിരുന്നു എന്നു ഇപ്പോഴാണ് അറിയുന്നത്. ഇതെല്ലാം വിശ്വസനീയമാണോ? മാസികയിലെ ലേഖനങ്ങളെല്ലാം വളരെ നല്ലതാണ്. ഒന്നും തള്ളിക്കളയാനില്ല. **(എഡിറ്റർ: മിഖായേൽ സെർവറ്റസിനെതിരെ വാദിച്ചത് കാൽവിനാണ്; അദ്ദേഹത്തെ ചുട്ടുകൊല്ലാതെ ശിരഛേദം ചെയ്തുകൊല്ലണമെന്ന് കാൽവിൻ വാദിച്ചുവത്രേ! ഇതെല്ലാം കാൽവനിസിറ്റുകൾ പോലും അംഗീകരിക്കുന്ന കാര്യമാണ്. തന്റെ ആശയങ്ങളുമായി യോജിക്കാത്ത ഒരാൾക്കെതിരെ വാദിച്ച് അയാൾക്ക് വധശിക്ഷ വാങ്ങിച്ചുകൊടുത്ത കാൽവിനെ വലിയ തിയോളജിയനായി പുകഴ്ത്തി തോളിലെടുത്ത് നടക്കുന്നവരോട് നമുക്ക് സഹതപിക്കാനേ കഴിയൂ.)** ❍

# ത്യശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

**-എംവിഎസ്-**

12

**അന്നത്തെ സഭായോഗങ്ങൾ**

**സി.വി.താരപ്പൻ (1886–1958): 'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300–ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവ സൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...**

ഇല്ലായ്മകളുടെ മധ്യത്തിലുള്ള ജീവിതമായതുകൊണ്ട്, സഭായോഗങ്ങളിൽ വിശ്വാസികളുടെ സജീവപങ്കാളിത്തം ഉണ്ടായിരുന്നു. കാരണം അവരെല്ലാം ദൈവാശ്രയമുള്ളവരായിരുന്നു. ദൈവത്തെക്കൂടാതെ തങ്ങൾക്കൊന്നും സാധ്യമല്ല എന്ന തിരിച്ചറിവ് ഉള്ളവരായിരുന്നു അവർ.

സഭായോഗത്തിനു വൈകി വരുന്നവർ, വന്നു കഴിഞ്ഞാൽ കാലിന്മേൽ കാലും കയറ്റി വച്ച് നാടുവാഴിസ്റ്റൈലിൽ ഇരിക്കുന്നവർ, ശുശ്രൂഷകൾ അഭിനയമാക്കുന്നവർ എന്നിങ്ങനെയുള്ളവരൊന്നും അക്കാലത്ത് ഇല്ലായിരുന്നു എന്നു കരുതാം. ദൈവത്തിന്റെ മഹത്വം മനസ്സിലാക്കുകയും ഒപ്പം സ്വന്തം കഴിവില്ലായ്മ തിരിച്ചറിയുകയും ചെയ്തവരായിരുന്നു അവർ. ഭയഭക്തിബഹുമാനത്തോടെ ദൈവമുമ്പാകെ പെരുമാറാൻ അവർ സ്വാഭാവികമായും ശ്രദ്ധിക്കും.

ദൃക്സാക്ഷികളുമായി നടത്തിയ അഭിമുഖങ്ങളിൽ നിന്നും ഞായറാഴ്ചയിലെ സഭായോഗത്തിലെ കാര്യപരിപാടികളെക്കുറിച്ച് താഴെപ്പറയുന്ന കാര്യങ്ങളാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്.

1. **പ്രാർത്ഥന**
2. **പാട്ടുകൾ**
3. **സാക്ഷ്യം**

സാക്ഷ്യം പറയുന്ന സമയത്ത് പരസ്യമായ തെറ്റുകൾ സംഭവിച്ചുപോയിട്ടുണ്ടെങ്കിൽ അത് സഭായോഗത്തിൽ ഏറ്റുപറയണം. ഞായറാഴ്ച ബന്ധുവീടുകളിലെ കല്യാണം പോലുള്ള പരിപാടികൾ നിമിത്തം സഭായോഗം

യോഗം മുടങ്ങുന്നത്, മരിച്ചവർക്കു വേണ്ടിയുള്ള ആണ്ട് പോലുള്ള കാര്യങ്ങളിൽ പങ്കെടുക്കുന്നത്, ചികിത്സ ചെയ്യുന്നത്, കോടതിയിൽ വ്യവഹാരത്തിനു പോകുന്നത്... ഇതെല്ലാം ഗുരുതര തെറ്റുകളായി അവർ എണ്ണിയിരുന്നു. ഈ വക കാര്യങ്ങളിൽ എങ്ങാനും ഉൾപ്പെട്ടുപോയാൽ അതിനു പരസ്യമായി സഭയിൽ മാപ്പു പറയേണ്ടത് ആവശ്യമായിരുന്നു.

**4. വചനശുശ്രൂഷ**

വചനശുശ്രൂഷയ്ക്കു ശേഷം യോഗം അവസാനിക്കും. വന്നവർക്കെല്ലാം കഞ്ഞി ഒരുക്കിയിരിക്കും. ഉച്ചയ്ക്കുശേഷം ഹാളിൽത്തന്നെയുള്ള യോഗങ്ങളോ അല്ലെങ്കിൽ പരസ്യയോഗങ്ങളോ നടത്തും. ആത്മികമായ സന്തോഷം എല്ലാവരും അനുഭവിച്ചിരുന്നു. ഇക്കാലത്തു പലയിടത്തും കാണുന്നതുപോലെ, വൈകി വരുന്നതോ, വന്നാൽ തന്നെ മുള്ളിന്മേൽ നിൽക്കുന്നതുപോലെ നിൽക്കുന്നതോ, യോഗം കഴിയുമ്പോഴേക്കും തിരക്കു പിടിച്ചു പോകുന്നതോ അക്കാലത്തില്ലായിരുന്നു. അന്ന് സൗകര്യങ്ങൾ കുറവായിരുന്നു. ഇന്ന സൗകര്യങ്ങളും ജീവിതനിലവാരവും കൂടി. അതുകൊണ്ട് ആളുകളെല്ലാം തിരക്കുകൾ ഉള്ളവരായി മാറി!

**കർത്തൃമേശ**

രാത്രിയിലായിരുന്നു കർത്തൃമേശ നടത്തിയിരുന്നത്. കർത്തൃമേശയ്ക്കു മുമ്പ് എല്ലാവർക്കും ഭക്ഷണം ഉണ്ടായിരുന്നു. അത്താഴം കഴിഞ്ഞ ശേഷം കർത്താവ് കർത്തൃമേശ നടത്തിയതുകൊണ്ട് ഇവരും അങ്ങനെയായിരുന്നു ചെയ്തുപോന്നത്. വന്ന ഏല്ലാവരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കും. ചോറും കായ-ബീഫ് കറിയും ആണ് ഭക്ഷണം. കായ-ബീഫ് കറിയിൽ ബീഫിന്റെ അംശം വളരെ കുറവും നേന്ത്രക്കായുടെ അംശം വളരെ വളരെ കൂടുതലും ആയിരിക്കും. എല്ലാം അവർ ഒരുമിച്ചിരുന്നു തയ്യാറാക്കുന്നതാണ്. വാഴയില വെട്ടിക്കൊണ്ടുവന്ന് അതു വിരിച്ച് അതിൽ വിളമ്പി എല്ലാവരും കഴിക്കും. കുട്ടികൾക്ക് (കർത്തൃമേശയിൽ പങ്കെടുക്കാത്തവർക്ക്) വരാന്തയിൽ ഇല വിരിച്ച് ഭക്ഷണം വിളമ്പും.

കർത്തൃമേശയ്ക്ക് മുമ്പ് കാലുകഴുകലും സ്നേഹചുംബനവും ഉണ്ടായിരുന്നു. താരപ്പൻ സഹോദരൻ ചെരുപ്പ് ധരിച്ചിരുന്നില്ല. അതുപോലെ അന്ന് പലരും ചെരുപ്പ് ഉപയോഗിക്കാത്തവരായിരുന്നു. കാലു കഴുകാനായി ഒരു കൂട്ടർ ബഞ്ചിന്മേൽ ഇരിക്കും. പാത്രത്തിൽ വെള്ളമെടുത്ത് മറ്റുള്ളവർ കാലുകൾ കഴുകും. പ്രതീകാത്മകമായുള്ള കഴുകലല്ല. നന്നായി കഴുകി വൃത്തിയാക്കും. വിരലുകളെല്ലാം പ്രത്യേകമായി വൃത്തിയാക്കും. പാത്രത്തിലെ വെള്ളം പെട്ടെന്നു ചളിവെള്ളമായി മാറും. അതു മാറ്റി വീണ്ടും നല്ല വെള്ളം കൊണ്ടുവരും. ആർക്കും നാണക്കേടോ അറപ്പോ തോന്നിയില്ല!

പെസഹാദിവസം പള്ളിയിലെ അച്ചന്മാർ കാലുകഴുകി മുത്തുന്നതുപോലുള്ള ആചാരമായിരുന്നില്ല അത്. അച്ചന്മാർ അങ്ങനെ കാലു കഴുകണമെങ്കിൽ, നാം ആ കാലുകൾ വൃത്തിയാക്കി കൊണ്ടുവരണമായിരുന്നു. കാലുകളിൽ അല്പം പോലും ചളിയോ ചൊറിയോ ഒന്നും പാടില്ല. എന്നാൽ 'താരപ്പൻസഭ'ക്കാരുടെ കാലുകഴുകൽ ഇത്തരത്തിലുള്ള ഒരു പ്രഹസനമായിരുന്നില്ല, അതൊരു ആത്മാർത്ഥമായ ശുശ്രൂഷയായിരുന്നു. അഴുക്കു പുരണ്ട കാലുകൾ കഴുകിത്തന്നെ വൃത്തിയാക്കുകയായിരുന്നു. ചെരുപ്പിടാത്ത കാലുകൾ വല്ലാതെ വൃത്തിഹീനമായിരിക്കും എങ്കിലും, അതു കഴുകി വൃത്തിയാക്കുന്നത് അവർ സന്തോഷത്തോടെ ചെയ്യുമായിരുന്നു.

സഹോദരന്മാർ സഹോദരന്മാരുടെയും സഹോദരിമാർ സഹോദരിമാരുടെയും കാലുകളാണ് കഴുകിയിരുന്നത്. എല്ലാം യോഗ്യമായി ചെയ്യുവാൻ അവർ ശ്രദ്ധിച്ചിരുന്നു. അതിനെത്തുടർന്ന് സ്നേഹചുംബനവും ഉണ്ടായിരുന്നു. കർത്തൃമേശയുടെ സമയത്ത് അവർ സി. വി. താരപ്പൻ സഹോദരൻ എഴുതിയ ഒരു പാട്ടായിരുന്നു പാടിയിരുന്നത്. ആപാട്ടിന്റെ ഏതാനും വരികൾ താഴെ കൊടുക്കുന്നു:

യേശുവിൻ മരണത്തെ സ്മരിച്ചിടാൻ സഭയോടു
ഈശനരുളിയൊരു പുതുനിയമം
കഷ്ടമേൽക്കുന്നരാത്രി പെസഹായിൽ പ്രിയനാഥൻ
ഇഷ്ടരാം ശിഷ്യരുമായ് ഭുജിച്ചിരിക്കെ
അപ്പമെടുത്തുവാഴ്ത്തി തിരുക്കരത്താൽ നുറുക്കി
അപ്പോസ്തലന്മാർക്കന്നു കൊടുത്തു നാഥൻ
...................................................................................
...................................................................................
മുന്തിരിരസത്തിന്റെ കാസായിൽ നിന്നവർക്കുതൻ
പൊൻതിരുക്കരങ്ങളാൽ കൊടുത്തരുളി
എന്നുടെ രക്തത്തിലെ പുതുനിയമ മിതു
എന്നുടെ സ്മരണയ്ക്കായ് കുടിച്ചുകൊൾവിൻ
...................................................................................
കർത്താവിൻ പാനപാത്രം കുടിച്ചവരിനിമേലിൽ
വ്യർത്ഥഭൂതത്തിൻ പാത്രം കുടിക്കരുത്

എല്ലാവരും ഒരുമിച്ചിരുന്നു... കർത്തൃമേശ ആചരിച്ചു... അവർ ഒരിക്കലും പരിപൂർണ്ണരായിരുന്നില്ല. വ്യക്തികൾ എന്ന നിലയിൽ പല പരിമിതികളും പല പരാജയങ്ങളും അവർക്ക് ഉണ്ടായിരുന്നിരിക്കാം. പക്ഷേ അവർ ആത്മികസന്തോഷം അനുഭവിച്ചിരുന്നു. മനസ്സിന്റെ അകത്തളങ്ങളിൽ ആത്മികസന്തോഷമില്ലാതെ സഭയായി ഒരുമിച്ചു കൂടിയിട്ടെന്തു കാര്യം? **(തുടരും)**

# കാൽവിനിസത്തെ ന്യായീകരിക്കുന്നവരോട്...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

ഡോ. ജോൺസൺ സി. ഫിലിപ്, ഡോ. സനീഷ് ചെറിയാൻ എന്നിവർ കാൽവിനെയും കാൽവിനിസത്തെയും കുറിച്ച് എഴുതിയതിന് മറുപടിയായി ബ്രദർ ആശിഷ് പി.യു. എഴുതിയ ചെറുപുസ്തകത്തിന്റെ പിഡിഎഫ് പല വായനക്കാരും ബ്രദർ ആശിഷും എനിക്കു വാട്സാപ് ചെയ്തിരുന്നു. കഴിഞ്ഞ മാസത്തെ മാസികയിൽ ഞാനെഴുതിയ എഡിറ്റോറിയലിനുള്ള മറുപടിയും ആരെങ്കിലും ഇതുപോലെ തന്നാൽ ഉപകാരമാണ്. ബ്രദർ ആശിഷിന്റെ പുസ്തകം വായിച്ചപ്പോൾ അതിൽ പറഞ്ഞിരിക്കുന്ന നാലു കാര്യങ്ങളെക്കുറിച്ച് ചിലതു ഇവിടെ കുറിക്കണമെന്നു പ്രേരണയുണ്ടായി.

### 1. കാൽവിനിസത്തിന്റെ ഉപജ്ഞാതാവ് കാൽവിൻ അല്ല

മാർക്സിസത്തിന്റെ ഉപജ്ഞാതാവ് കാൾ മാർക്സ് അല്ല, ലെനിനിസത്തിന്റെ ഉപജ്ഞാതാവ് ലെനിൻ അല്ല എന്നൊക്കെ പറയുന്നതുപോലുള്ള അസംബന്ധമാണിത്. കാൽവിനിസം എന്നു പറഞ്ഞാൽ അതിന്റെ പിതാവ് കാൽവിൻ തന്നെയാണ്. കാൽവിനു മുമ്പ് ലൂഥറും അഗസ്റ്റിനും ഇതെല്ലാം പഠിപ്പിച്ചിട്ടുണ്ടത്രേ! എങ്കിൽ ലൂഥറിസം എന്നോ അഗസ്റ്റിനിസം എന്നോ ഇത് അറിയപ്പെടാമായിരുന്നുവല്ലോ. അങ്ങനെയൊന്നും ചെയ്യാതെ നിങ്ങൾ തന്നെ ഇതിനെ കാൽവിനിസം എന്നാണല്ലോ വിളിക്കുന്നത്.

### 2. കാൽവിൻ കൊലപാതകിയല്ല

*കാൽവിൻ കൊലപാതകിയാണോ?* എന്നാണ് തലക്കെട്ട്. അല്ല എന്നു സ്വാഭാവികമായും വായനക്കാർ ചിന്തിക്കും. ഡോ.ജോൺസൺ സി. ഫിലിപ്പ്, ഡോ. സനീഷ് ചെറിയാൻ എന്നിവരുടെ ലേഖനത്തിൽ പറഞ്ഞിട്ടുള്ള അത്രയും കൊലപാതകങ്ങൾ കാൽവിൻ നടത്തിയിട്ടില്ല എന്നു എഴുത്തുകാരൻ വാദിക്കുന്നു. ഏതായാലും സെർവെറ്റസിന്റെ കൊലപാതകത്തെക്കുറിച്ച് ബ്രദർ ആശിഷ് പി യു എഴുതിയിരിക്കുന്നതു നോക്കൂ:

> കാൽവിനാണ് അദ്ദേഹത്തിനെതിരെ കേസ് വാദിച്ചത്.... കൂടുതൽ നേരം വേദന സഹിക്കാതെ പെട്ടെന്നു മരിക്കത്തക്ക വിധം ശിരച്ഛേദം ചെയ്തു വധശിക്ഷ നടപ്പാക്കുവാൻ കാൽവിൻ അപേക്ഷിച്ചു... ഒരു പാസ്റ്ററെന്ന നിലയിലാണ് അദ്ദേഹം (കാൽവിൻ) പ്രവർത്തിച്ചിരുന്നത്. സെർവെറ്റസ് എന്ന ദുരുപദേശകനെ വധശി

ക്ഷയ്ക്കു വിധേയനാക്കണം എന്നു തീരുമാനിച്ചത് ഇരുപത്തിയഞ്ചു പേർ അടങ്ങുന്ന ഒരു സംഘമാണ്. കാൽവിൻ അതിൽ ഒരാൾ മാത്രമായിരുന്നു. കാൽവിൻ എന്ന വ്യക്തി ചെയ്ത കൊലപാതകം അല്ല അത്.

സെർവറ്റസിനെതിരെ വാദിച്ചത് കാൽവിനാണ് എന്നു ഇവിടെ എഴുത്തുകാരൻ തന്നെ സമ്മതിക്കുന്നുണ്ട്. അതായത് ആ 25 പേരിൽ സെർവറ്റസിനെതിരെ വാദിച്ചത് കാൽവിനാണ്. അദ്ദേഹത്തിനെ വധശിക്ഷയക്കു വിധിച്ചത് കാൽവിന്റെ വാദത്തിന്റെ മിടുക്കാണ്. ഒരാൾക്ക് കാൽവിൻ വധശിക്ഷ വാങ്ങിച്ചുകൊടുത്തു, അതു നടപ്പിലാക്കുകയും ചെയ്തു എന്നു പറഞ്ഞിട്ട്, കാൽവിനല്ല ആ കൊലപാതകത്തിന് ഉത്തരവാദി എന്നു പറഞ്ഞാൽ അത് എങ്ങനെ ശരിയാകും? സ്തെഫാനോസിന്റെ കൊലപാതകത്തിൽ ശൗൽ നിരപരാധിയാണ് എന്നു പറയുന്നതുപോലുള്ള തമാശയാണിത്.

പാസ്റ്റർ എന്ന നിലയിലാണ് കാൽവിൻ പ്രവർത്തിച്ചിരുന്നതു പോലും! ചില ഉപദേശങ്ങളിൽ വിശ്വസിച്ചില്ലെന്ന പേരും പറഞ്ഞ്, സെർവറ്റസിനെതിരെ വാദിച്ച് അവന് വധശിക്ഷ വാങ്ങിച്ചുകൊടുക്കലാണോ ഒരു പാസ്റ്ററുടെ ജോലി? ആ 25 പേർ അടങ്ങുന്ന സംഘം എത്ര പേരെ വധശിക്ഷയ്ക്കു വിധിച്ചിട്ടുണ്ടോ അതിലെല്ലാം കാൽവിനും ഉത്തരവാദിത്തമില്ലേ? കാൽവിൻ എന്ന കൊലപാതകിയെ വല്ലാതെ ന്യായീകരിച്ച് ന്യായീകരിച്ച് മുന്നേറുന്നവരോട് എനിക്കു പറയാനുള്ളത് ഇതാണ്: അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകരുത് (1 തിമൊ.5:22)

3. **കാൽവിൻ ശിശുസ്നാനത്തെ പോത്സാഹിപ്പിച്ചു എന്ന ആരോപണം ശരിയാണ്**

ഇത് സമ്മതിച്ചതിൽ സന്തോഷം. അപ്പോൾ കാൽവിൻ ശിശുസ്നാനത്തെ പ്രോത്സാഹിപ്പിച്ച വ്യക്തിയാണ്! ഇതാണ് കാൽവിന്റെ വചനപഠനത്തിന്റെ റെയ്ഞ്ച്! ശിശുസ്നാനത്തിന്റെ ലക്ഷ്യം എന്താണ്? ദൈവം ഒരാളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അയാൾ രക്ഷ പ്രാപിച്ചിരിക്കുമെന്നും അല്ലാത്തവൻ ആരൊക്കെ എങ്ങനെയൊക്കെ കുത്തിമറിഞ്ഞാലും രക്ഷ പ്രാപിക്കയില്ല എന്നും പഠിപ്പിച്ച കാൽവിൻ, എന്തിനാണ് ശിശുക്കളെ സ്നാനപ്പെടുത്തിയത്? ആ ശിശു വളർന്നു വലുതായതിനുശേഷം സ്നാനപ്പെട്ടാൽ പോരേ? അതിനുമുമ്പ് ആ കുഞ്ഞ് മരിച്ചുപോയാലോ എന്നോർത്തിട്ടാണോ? ദൈവം ആ കുഞ്ഞിനെക്കുറിച്ച് അങ്ങനെ തീരുമാനിച്ചിട്ടുണ്ടെങ്കിൽ കാൽവിൻ പിന്നെന്തിന് അതെക്കുറിച്ച് ഭാരപ്പെടണം? ബൈബിളിൽ കാണാത്ത ശിശുസ്നാനത്തെ പ്രോത്സാഹിപ്പിച്ചവനാണ് കാൽവിൻ എന്ന തിരിച്ചറിവ് നിമിത്തം കാൽവിനിസം എന്ന പേരെങ്കിലും ഉപേക്ഷിക്കുവാൻ കാൽവിനിസ്റ്റുകൾ തയ്യാറാകണമെന്നു അപേക്ഷിക്കുന്നു.

**4. കാൽവിൻ ശരിയല്ലാത്തതുകൊണ്ട് കാൽവിനിസം തെറ്റാണെന്നു വരികയില്ല.**

ശിശുസ്നാനം പോത്സാഹിപ്പിക്കുകയും ഏറ്റവും കുറഞ്ഞത് ഒരു കൊലപാതകത്തിനെങ്കിലും ഉത്തരവാദിയാവുകയും അതിൽ ജീവിതകാലത്തൊരിക്കലും കുറ്റബോധം തോന്നാതിരിക്കുകയും ചെയ്ത ഒരു വ്യക്തിയുടെ പേരിനോട് ചേർത്തുവേണോ ബൈബിളിലെ ഉപദേശങ്ങൾ നാ പഠിക്കാൻ? ഇങ്ങനെയാണെങ്കിൽ, വ്യഭിചാരികളുടെയും മദ്യപാനികളുടെയും പേരിലും ഉപദേശങ്ങൾ അറിയപ്പെടാമല്ലോ. നിങ്ങൾ പറയുന്നത് ബൈബിളിലുള്ള ആശയങ്ങളാണ് എന്നു ബോധ്യമുണ്ടെങ്കിൽ അത് മുറുകെ പിടിച്ചുകൊള്ളൂ; പക്ഷേ അതിനോട് ചേർത്ത് കാൽവിൻ പോലുള്ള മാതൃകയില്ലാത്ത വ്യക്തികളുടെ പേര് പറയരുത്. അതു അഭംഗിയാണ്. ദൈവത്തെ പരിഹസിക്കലുമാണ്.

## കാൽവിനിസത്തിലെ അഞ്ചു പോയിന്റുകൾ

**1. സമ്പൂർണ്ണ അധാർമ്മികത** (Total Depravity): മനുഷ്യരെല്ലാം അധ:പതിച്ചവരാണ്. ആർക്കും സ്വയമായി ദൈവത്തെ അന്വേഷിക്കാനുള്ള കഴിവില്ല.

**2. നിരുപാധികമായ തിരഞ്ഞെടുപ്പ്** (Unconditional Election): ദൈവം തന്റെ സ്വന്തം ഇഷ്ടപ്രകാരം ചിലരെ തിരഞ്ഞെടുത്തു. അവർ മാത്രം രക്ഷിക്കപ്പെടും.

**3. പരിമിതമായ പ്രായ്ശിത്തം** (Limited Atonement): ആരെയൊക്കെയാണോ ദൈവം തിരഞ്ഞെടുത്തത് അവർക്കു വേണ്ടി മാത്രമാണ് യേശു കുരിശിൽ മരിച്ചത്.

**4. തടയാൻ കഴിയാത്ത കൃപ** (Irresistible Grace): താൻ വിളിച്ചു വേർതിരിച്ചവർക്കു മാത്രം സുവിശേഷം ഗ്രഹിക്കുവാനും വിശ്വസിക്കുവാനുമുള്ള കൃപ ദൈവം കൊടുക്കുന്നു. അവർക്കു വിശ്വസിക്കാതിരിക്കാൻ സാധിക്കയില്ല.

**5. വിശുദ്ധന്മാരുടെ സംരക്ഷണം (രക്ഷയുടെ ഭദ്രത)** (Preservation of the Saints): രക്ഷിക്കപ്പെട്ടവരുടെ രക്ഷ നഷ്ടപ്പെടുകയില്ല.

(ഇവ പൊതുവെ TULIP എന്നറിയപ്പെടുന്നു. ഇതിൽ 2,3,4 എന്നീ പോയിന്റുകൾ നമുക്കു വിശദമായി പിന്നീടൊരിക്കൽ ചിന്തിക്കാം)

# 20 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**മൂന്നാം ഭാഗം: മൃഗങ്ങൾ**

5. **സിംഹം** (വെളിപാട് 5:5)

"യെഹൂദാ ഒരു ബാലസിംഹം" (ഉല്പത്തി 49:9) എന്നുള്ള വിളംബരത്തോടെയാണ് ബൈബിളിന്റെ താളുകളിലേക്ക് 'സിംഹം' പ്രവേശിക്കുന്നത്. "മൃഗങ്ങളിൽവെച്ച് ശക്തിയേറിയതും ഒന്നിനും വഴിമാറാത്തതു"മാണ് സിംഹം എന്ന് സദൃശവാക്യങ്ങൾ 30:30 ൽ രേഖപ്പെടുത്തിയിരിക്കുന്നു. പത്രൊസും, യോഹന്നാനും, പൗലൊസും ആണ് പുതിയനിയമത്തിൽ സിംഹത്തെക്കുറിച്ചു എഴുതിയിട്ടുള്ളത്. പക്ഷേ മൂന്നു പേരും മൂന്നു വ്യത്യസ്ത സിംഹങ്ങളെയാണ് പരിചയപ്പെടുത്തുന്നത്. നമുക്ക് ആ മൂന്നു സിംഹങ്ങൾ ഏതെല്ലാമെന്നു പരിശോധിക്കാം.

**പൗലൊസ് പരിചയപ്പെടുത്തുന്ന സിംഹം:** ഉത്സാഹവും തീക്ഷ്ണതയുമുള്ള ഒരു ക്രിസ്ത്യാനി എന്ന നിലയിൽ അപ്പൊസ്തലനായ പൗലൊസ് സഹിച്ച കഷ്ടങ്ങൾക്ക് കയ്യും കണക്കുമില്ല. തന്റെ ലേഖനങ്ങളിൽ പലയിടത്തും അദ്ദേഹം അതെപ്പറ്റി എഴുതിയിട്ടുണ്ട്. അങ്ങനെ എഴുതിയ കൂട്ടത്തിൽ പൗലൊസ് ഇപ്രകാരം എഴുതി: "അങ്ങനെ ഞാൻ സിംഹത്തിന്റെ വായിൽനിന്നു രക്ഷ പ്രാപിച്ചു" (2 തിമൊ.4:17).

ഏതാണ് ഈ സിംഹം? നീറോചക്രവർത്തിയെയാണ് ഇവിടെ സിംഹം എന്നു വിശേഷിപ്പിച്ചത് എന്നു ചിലർ ചിന്തിക്കുന്നു. അതല്ല, പൗലൊസിനെ അക്ഷരാർത്ഥത്തിൽ സിംഹത്തിന്റെ മുമ്പിലേക്ക് ഇട്ടുകൊടുത്തു എന്നും, പൗലൊസ് ദൈവികശക്തിയാൽ അതിന്റെ വായിൽനിന്നും രക്ഷപ്പെട്ടു എന്നും മറ്റു ചിലർ ചിന്തിക്കുന്നു. എന്നാൽ ഇതൊന്നും നമുക്ക് ഉറപ്പിച്ചു പറയാൻ കഴിയുന്ന കാര്യങ്ങളല്ല; വെറും ഊഹങ്ങൾ മാത്രമാണ്.

"സിംഹത്തിന്റെ വായിൽനിന്നു എന്നെ രക്ഷിക്കേണമേ" എന്ന് ദാവീദ് പ്രാർത്ഥിച്ചത് (സങ്കീർത്തനങ്ങൾ 22:21) നമുക്ക് ഈ അവസരത്തിൽ ഓർക്കാം. തന്റെ ശത്രുക്കളെയാണ് ഇവിടെ സിംഹം എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്നു സന്ദർഭത്തിൽനിന്നും വ്യക്തമാണ്. പൗലൊസിനെ എല്ലാ

വരും കൈവിട്ടു എന്നു 2 തിമൊ.4:16 ൽ നാം വായിക്കുന്നു. പക്ഷേ കർത്താവ് പൗലൊസിനു തുണ നിന്നു. അങ്ങനെ പൗലൊസ് സിംഹത്തിന്റെ വായിൽനിന്നു രക്ഷ പ്രാപിച്ചു. ഇങ്ങനെയാണ് ആ വാക്യങ്ങളിലെ ആശ യം. സുവിശേഷവിരോധികളെയാണ് ഇവിടെ സിംഹം എന്നു വിളിച്ചിരിക്കു ന്നത് എന്നു അങ്ങനെ വ്യക്തമാകുന്നു.

നിർണ്ണായകഘട്ടത്തിൽ പൗലൊസിന്റെ കൂടെ ആരും ഉണ്ടായിരുന്നില്ല. ഒറ്റപ്പെട്ടു പോയ പൗലൊസ്, സുവിശേഷത്തിന്റെ ശത്രുക്കളുടെ മുമ്പിൽ തോറ്റു തുന്നം പാടേണ്ടതായിരുന്നു. പക്ഷേ കർത്താവ് പൗലൊസിനു തുണ നിന്നു. സുവിശേഷത്തിന്റെ ശത്രുക്കളുടെ പക്കൽ നിന്നും വിടുവിക്കുകയും ചെയ്തു. തന്റെ ജീവിതകാലത്ത് പൗലൊസ് ഇവ്വിധത്തിൽ പലപ്പോഴും വിടുതൽ പ്രാപിച്ചിട്ടുണ്ട്. നാമും ഇത്രകാലം സിംഹത്തിന്റെ വായിൽനിന്നും വിടുവിക്കപ്പെട്ടില്ലേ? പക്ഷേ നാം അതോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യാറുണ്ടോ?

**പത്രൊസ് പരിചയപ്പെടുത്തുന്ന സിംഹം:** "നിങ്ങളുടെ പ്രതിയോഗി യായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു" എന്നാണ് അപ്പൊസ്തലനായ പത്രൊസ് എഴു തിയത് (1 പത്രൊസ് 5:8). കഷ്ടപ്പാടുകൾ നൽകി, ഏതെങ്കിലും വിധത്തിൽ നമ്മുടെ ക്രിസ്തീയജീവിതം നശിപ്പിക്കാൻ നോക്കുന്ന ശത്രുവാണ് പിശാ ച് (5:9). ആ ശ്രമത്തിൽ പിശാച് കുറെയൊക്കെ വിജയിച്ച നിലയിൽത്ത ന്നെയാണ് നിലകൊള്ളുന്നത് എന്നു പലരുടെയും അനുഭവങ്ങൾ തെളിയി ക്കുന്നുവല്ലോ. അത് മുൻകണ്ട് അതിനെതിരെയുള്ള ബോധവത്കരണമാണ് പത്രൊസ് ഇവിടെ നടത്തുന്നത്.

ധനമോഹം, പദവിമോഹം, ലൈംഗികഅരാജകത്വം, വിവാഹമോചനം എന്നു തുടങ്ങി ദൈവമക്കളെ വീഴിക്കാനും വിഴുങ്ങാനും പിശാച് പല അട വുകളും പയറ്റുന്നുണ്ട്. ഇത്തരം വാരിക്കുഴികളിൽ മൂക്കും കുത്തി വീഴു ന്നവരിൽ വലിയ പ്രസംഗകരും എഴുത്തുകാരും സുവിശേഷകന്മാരും എല്ലാം ഉൾപ്പെടുന്നു. ഈ സിംഹത്തിൽനിന്നും രക്ഷപ്പെടാൻ എന്താണൊരു വഴി? പത്രൊസ് അതും വിശദീകരിക്കുന്നുണ്ട്: "ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നേ പൂർത്തിയായി വരുന്നു എന്നറിഞ്ഞ് വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോടു എതിർത്തു നില്പിൻ" (5:9).

ഈ സിംഹത്തിന്റെ പ്രവർത്തനം അല്പകാലത്തേക്കു മാത്രമേയുള്ളൂ എന്നു 5:10 ൽ പത്രൊസ് ഓർമ്മിപ്പിക്കുന്നുമുണ്ട്. ദൈവമക്കളെ എക്കാലത്തും ഉന്മൂലനം ചെയ്യാനായി അലറിയടുക്കുന്ന ഈ സിംഹത്തെ നാം നേരിട്ടേ

മതിയാകൂ. അവന്റെ മുമ്പിൽ ഭയന്നു വിറച്ചു നിൽക്കാനല്ല, അവനെ എതിരിട്ട് നിൽക്കാനാണ് ദൈവവചനം നമ്മോടു ആവശ്യപ്പെടുന്നത്. നാം അത് ചെയ്തേ മതിയാകൂ. അല്ലെങ്കിൽ ആ സിംഹം നമ്മെ കീറിക്കളയും.

**യോഹന്നാൻ പരിചയപ്പെടുത്തുന്ന സിംഹം:** യെഹൂദാഗോത്രത്തിലെ സിംഹത്തെയാണ് യോഹന്നാൻ നമുക്കു വരച്ചു കാണിക്കുന്നത് (വെളിപ്പാട് 5:5). ജയം പ്രാപിച്ചവനാണ് ഈ സിംഹം എന്നും അവിടെ നാം വായിക്കുന്നുണ്ട്. നമ്മുടെ കർത്താവായ യേശുക്രിസ്തുവാണ് ഈ സിംഹം എന്നത് ആ ഭാഗത്തുനിന്നും വളരെ സ്പഷ്ടമാണ്. യെഹൂദാഗോത്രത്തിലെ സിംഹത്തെ കാണാൻ വേണ്ടി യോഹന്നാൻ നോക്കിയപ്പോൾ, “ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നിൽക്കുന്നത്” ആണ് കണ്ടത് (5:6). വളരെ വികാരഭരിതമായ ഒരു രംഗമാണിത്. യെഹൂദാഗോത്രത്തിലെ സിംഹം, അറുക്കപ്പെട്ട കുഞ്ഞാടാവുകയോ!

എന്നാൽ അതാണ് കാൽവറിയിലെ ക്രൂശിൽ സംഭവിച്ചത്. നമുക്കുവേണ്ടി, നമ്മെ ദൈവത്തോട് നിരപ്പിക്കുന്നതിനുവേണ്ടി യെഹൂദാഗോത്രത്തിലെ സിംഹം ഒരു കുഞ്ഞാടായി മാറി. ആ കുഞ്ഞാട് കാൽവറിയിൽ അറുക്കപ്പെട്ടു. പക്ഷേ മരണം അവനെ പിടിച്ചുവയ്ക്കുക അസാധ്യമായിരുന്നതുകൊണ്ട്, മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു. ഈ സിംഹമാണ് നമ്മോടൊപ്പമുള്ളത്. നേരത്തെ നാം പരിചയപ്പെട്ട രണ്ടു സിംഹങ്ങളെയും നേരിടാൻ നമ്മോടുകൂടെയുള്ള ഈ ഒരൊറ്റ സിംഹം മതി എന്ന തിരിച്ചറിവ് നമ്മെ ആത്മികമായി ധീരന്മാരാക്കുമെന്നു തീർച്ചയാണ്.

**മൂന്നു സിംഹങ്ങൾ:** ദൈവമക്കൾക്ക് വിരോധമായി നിൽക്കുന്ന ദുഷ്ടമനുഷ്യരാകുന്ന സിംഹത്തെ പൗലൊസും, പിശാചാകുന്ന സിംഹത്തെ പത്രൊസും, യേശുക്രിസ്തുവാകുന്ന സിംഹത്തെ യോഹന്നാനും പരിചയപ്പെടുത്തുന്നു. പുതിയനിയമത്തിൽ കാണുന്ന ഈ മൂന്നു സിംഹങ്ങളിൽ രണ്ടെണ്ണവും നമ്മുടെ എതിർഭാഗത്താണ്. പക്ഷേ, ഒരു സിംഹം നമ്മുടെ ഭാഗത്താണ് നിലകൊള്ളുന്നത്. സിംഹം എന്ന നിലയിൽ നിന്നാൽ നമ്മെ വീണ്ടെടുക്കാൻ സാധ്യമല്ലാത്തതിനാൽ ഈ സിംഹം കുഞ്ഞാടായി മാറി; അറുക്കപ്പെടുവാൻ തന്നെത്തന്നെ ഏല്പിച്ചുകൊടുത്തു. മറുഭാഗത്തുള്ള രണ്ടു സിംഹങ്ങളെ നാം തൃപ്തിപ്പെടുത്തണോ, അതോ നമുക്കുവേണ്ടി നിലകൊള്ളുന്ന യെഹൂദാഗോത്രത്തിലെ സിംഹത്തെ നാം തൃപ്തിപ്പെടുത്തണോ? ഓരോരുത്തരും ബുദ്ധിയോടെ ചിന്തിച്ചുകൊള്ളട്ടെ. ❍

**visit our website: www.reallifevoice.in**

# പരിശുദ്ധാത്മാവ്

39

-എംവിഎസ്-

**ആത്മികവരങ്ങൾ**

ദൈവം തന്റെ മക്കൾക്ക് ചില വരങ്ങൾ കൊടുക്കുന്നു. അവയെ നാം ആത്മികവരങ്ങൾ എന്നോ കൃപാവരങ്ങൾ എന്നോ വിളിക്കുന്നു. ഒരാൾ സ്വയം ആർജ്ജിച്ചെടുക്കുന്ന കഴിവുകളും ജന്മസിദ്ധമായ കഴിവുകളും കൃപാവരങ്ങളല്ല. പാടുവാൻ യേശുദാസിനുള്ള കഴിവ് കൃപാവരമായി കണക്കാക്കാൻ കഴിയില്ല. ലോകത്തിലുള്ളവർക്ക് ലഭിച്ചിട്ടുള്ള കഴിവുകൾ ദൈവം കൊടുത്തതാണ്; പക്ഷേ അവ കൃപാവരങ്ങളല്ല. എന്തുകൊണ്ടെന്നാൽ കൃപാവരങ്ങൾ വിശ്വാസികൾക്കു മാത്രം നൽകപ്പെടുന്നതാണ്.

**1. ആത്മികവരങ്ങൾ - പഠനത്തിന്റെ പ്രാധാന്യം**

ഏതൊരു വിശ്വാസിയും കൃപാവരങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്. അതിന്റെ ഒരു കാരണം മുകളിൽ പറഞ്ഞുവല്ലോ; അതായത്, ആത്മികവരങ്ങൾ ദൈവം കൊടുക്കുന്നത് വിശ്വാസികൾക്ക് മാത്രമാണ്. അവിശ്വാസികളുമായി ആത്മികവരങ്ങൾക്ക് യാതൊരു ബന്ധവുമില്ല. ദൈവം ദൈവമക്കൾക്കു മാത്രം തരുന്ന വരങ്ങളെക്കുറിച്ച് ദൈവമക്കൾ നിർബന്ധമായും പഠിച്ചിരിക്കണമല്ലോ.

1 കൊരിന്ത്യർ 12:1 ൽ നാം ഇങ്ങനെ വായിക്കുന്നു: ''സഹോദരന്മാരേ, ആത്മികവരങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിവില്ലാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു.'' ആത്മികവരങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ മൂലം പല പ്രശ്നങ്ങളും സഭയിൽ ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം എഴുതിയത്. ഈ അറിവില്ലായ്മ മൂലം ഇന്നും സഭകളിൽ പല പ്രശ്നങ്ങളും കോമാളിത്തരങ്ങളും അരങ്ങേറുന്നുണ്ട് എന്നതാണ് വാസ്തവം.

ആത്മികവരങ്ങൾ വാഞ്ഛിപ്പിൻ എന്നാണ് 1 കൊരിന്ത്യർ 14:1 ൽ എഴുതിയിട്ടുള്ളത്. ശ്രേഷ്ഠവരങ്ങളെ വാഞ്ഛിപ്പിൻ എന്നു 1 കൊരിന്ത്യർ 12: 31 ലും അപ്പൊസ്തലൻ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ വരങ്ങളെക്കുറിച്ച് കേവലം ഒരു അറിവ് ലഭിച്ചാൽ പോരാ, വരങ്ങൾ ലഭിക്കാൻ നാം ആഗ്രഹിക്കണം. ദൈവം തരുന്നത് വാങ്ങി ഉപയോഗിക്കുകയും വേണം.

**2. ആത്മികവരങ്ങൾ  നൽകുന്നത് ആര്?**

''...എന്നാൽ ഇതെല്ലാം പ്രവർത്തിക്കുന്നത് താൻ ഇച്ഛിക്കുംപോലെ അവനവനു അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവ് തന്നേ'' എന്നു 1 കൊരിന്ത്യർ 12:11 ലും, ''ദൈവം സഭയിൽ.... വിവിധ ഭാഷാവരം എന്നിവ നൽകുകയും ചെയ്തു'' എന്നു 12:28 ലും രേഖപ്പെടുത്തിയിരിക്കുന്നു. ആത്മികവരങ്ങൾ ദൈവം തന്റെ ഇഷ്ടപ്രകാരം തരുന്നതാണ് എന്നു ഇവിടെ വ്യക്തമാകുന്നുവല്ലോ.

**3. ആത്മികവരങ്ങൾ  നൽകുന്നത് എന്തിന്?**

''എന്നാൽ ഓരോരുത്തനു ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നൽകപ്പെടുന്നു'' (1 കൊരിന്ത്യർ 12:7). ക്രിസ്തുവിന്റെ ശരീരത്തിന്റെ (സഭയുടെ) ആത്മികവർദ്ധനയ്ക്കുവേണ്ടിയാണ് ഇങ്ങനെ കൃപാവരങ്ങൾ കൊടുക്കുന്നത് എന്നു എഫെസ്യർ 4:13 ൽ കാണാം. സഭയുടെ ആത്മികവർദ്ധനയ്ക്കുവേണ്ടി മാത്രം നൽകപ്പെടുന്ന ആത്മികവരങ്ങൾ ഇന്നു പലരും സ്വന്തം പേരും മഹത്വവും സമ്പത്തും ഉയർത്തുന്നതിനായി ഉപയോഗിച്ചുവരുന്നത് ദൈവത്തെ നിന്ദിക്കലും ആത്മികവരങ്ങളുടെ ദുരുപയോഗവും ആണ്. സഭയുടെ ഉണർവ്വില്ലായ്മയ്ക്കും ശിഥിലീകരണത്തിനും ഇതു കാരണമാകുന്നു.

**4. ആത്മികവരങ്ങൾ  എല്ലാ വിശ്വാസികൾക്കും കിട്ടുമോ?**

എല്ലാ വിശ്വാസികൾക്കും വരം കിട്ടും എന്നല്ല കിട്ടിയിരിക്കുന്നു എന്നാണ് വേദപുസ്തകം പറയുന്നത്. ''...ആകയാൽ നമുക്കു ലഭിച്ച കൃപയ്ക്ക് ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ട്...'' എന്നാണ് റോമർ 12:6 ൽ ഉള്ളത്. ''എന്നാൽ ഓരോരുത്തന്നു ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നൽകപ്പെടുന്നു'' എന്നു 1 കൊരിന്ത്യർ 12:7 ലും, ''ഓരോരുത്തനു വരം ലഭിച്ചതുപോലെ... അതിനെക്കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ'' എന്നു 1 പത്രൊസ് 4:10 ലും കാണുന്നു.

ഓരോ വിശ്വാസിയും സഭയുടെ ഭാഗമാണ്. ഓരോ വിശ്വാസിയെയും കൊണ്ട് സഭയ്ക്ക് പ്രയോജനമുണ്ടാകണം എന്നു ദൈവം ആഗ്രഹിക്കുന്നു. അതിനാൽ ദൈവം ഓരോരുത്തർക്കും ഒരു വരമെങ്കിലും കൊടുക്കുന്നു. കൂടുതൽ വരങ്ങൾ ലഭിക്കുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാനുള്ള അനുവാദം ദൈവവചനം തരുന്നുമുണ്ടല്ലോ (1 കൊരിന്ത്യർ 14:1).

**5. എത്ര ആത്മികവരങ്ങൾ ഉണ്ട്?**

ആത്മികവരങ്ങളുടെ പേര് അടങ്ങിയ 6 ലിസ്റ്റ് തിരുവെഴുത്തിലുണ്ട്. 4 പുസ്തകങ്ങളിലായി ഇവ കാണാൻ കഴിയും.

| റോമർ 12:6–8 | 1 കൊരിന്ത്യർ 12:8–10 | 1 കൊരിന്ത്യർ 12:28 |
|---|---|---|
| പ്രവചനം<br>ശുശ്രൂഷ<br>ഉപദേശം<br>പ്രബോധനം<br>ദാനം<br>ഭരണം<br>കരുണകാണിക്കുക | ജ്ഞാനം<br>പരിജ്ഞാനം<br>വിശ്വാസം<br>രോഗശാന്തി<br>വീര്യപ്രവൃത്തികൾ<br>പ്രവചനം<br>ആത്മാക്കളുടെ വിവേചനം<br>പല വിധ ഭാഷകൾ<br>ഭാഷകളുടെ വ്യാഖ്യാനം | അപ്പൊസ്തലന്മാർ<br>പ്രവാചകന്മാർ<br>ഉപദേഷ്ടാക്കന്മാർ<br>വീര്യപ്രവൃത്തികൾ<br>രോഗശാന്തി<br>സഹായം<br>പരിപാലനം<br>ഭാഷാവരം |

| 1 കൊരിന്ത്യർ 12:29–30 | എഫെസ്യർ 4:11 | 1 പത്രൊസ് 4:11 |
|---|---|---|
| അപ്പൊസ്തലന്മാർ<br>പ്രവാചകന്മാർ<br>ഉപദേഷ്ടാക്കന്മാർ<br>വീര്യപ്രവൃത്തികൾ<br>രോഗശാന്തി<br>അന്യഭാഷ<br>വ്യാഖ്യാനം | അപ്പൊസ്തലന്മാർ<br>പ്രവാചകന്മാർ<br>സുവിശേഷകന്മാർ<br>ഇടയന്മാർ<br>ഉപദേഷ്ടാക്കൾ | പ്രസംഗം<br>ശുശ്രൂഷ |

ഈ ലിസ്റ്റുകൾ ഒന്നും പൂർണ്ണമല്ല. ചില വരങ്ങളെക്കുറിച്ചു പറയേണ്ടി വന്നപ്പോൾ വരങ്ങളുടെ വലിയ പട്ടികയിൽ നിന്നും സാമ്പിളായി കുറച്ചു കൊടുത്തിരിക്കുന്നു എന്നു ചിന്തിക്കുന്നതാണ് ഉചിതം. വരം ഉപയോഗിക്കുന്ന വിധത്തിനു ഉദാഹരണമായും (റോമർ), ആത്മാവ് വരം പകുത്തു കൊടുക്കുന്നതിനു ഉദാഹരണമായും (1 കൊരിന്ത്യർ), ഉയരത്തിൽ കയറി മനുഷ്യർക്കു കൊടുത്ത ദാനങ്ങൾക്ക് ഉദാഹരണമായും (എഫെസ്യർ), ദൈവം മഹത്വപ്പെടുത്തക്കവിധം വരം ഉപയോഗിക്കണം എന്നതിനു ഉദാഹരണമായും (1 പത്രൊസ്) വരങ്ങളുടെ ചില സാമ്പിളുകൾ ചൂണ്ടിക്കാണിച്ചിരിക്കുന്നതാണ്.

വരം ലഭിച്ചവരെല്ലാം തങ്ങൾക്കു കിട്ടിയ വരം സഭയുടെ പ്രയോജനത്തിനായി ഉപയോഗിച്ചിരുന്നുവെങ്കിൽ ദൈവസഭ കൂടുതൽ അഭിവൃദ്ധി പ്രാപിക്കുമായിരുന്നു. പക്ഷേ പലരും ഷൈൻ ചെയ്യുന്നതിനും പണം സ്വരൂപിക്കുന്നതിനും തനിക്കു പേരും പ്രശസ്തിയും ലഭിക്കുന്നതിനും മാത്രമായി വരങ്ങളെ ഉപയോഗിക്കുന്നതു നിമിത്തം സഭ അനുഭവിക്കുന്ന ദുരിതങ്ങൾ കുറച്ചൊന്നുമല്ല.

**(അവസാനിച്ചു)**

# യോവേൽ (പുസ്തകപഠനം)

24

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

യോവേൽ 3:9 ആണ് നാം ചിന്തിച്ചുകൊണ്ടിരുന്നത്. ദൈവജനത്തെ എതിർക്കുന്നവരുടെ അവസ്ഥയെക്കുറിച്ച് നാം അവിടെ കാണുന്നു. ദൈവ ജനത്തെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യവുമായി ഇറങ്ങിത്തിരിക്കുന്ന ശത്രുക്കൾക്കു ഒരിക്കലും നന്മ വരാൻ പോകുന്നില്ല. എന്തുകൊണ്ടെന്നാൽ ദൈവജനം ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ടവരാണ്.

1. **ശത്രുവിന്റെ പരാജയം ഉറപ്പാണ്**

2. **ശത്രുപക്ഷത്തെ ആളുകളുടെ എണ്ണം വിഷയമേയല്ല**

"സകല യോദ്ധാക്കളും പുറപ്പെടട്ടെ" എന്നാണ് പ്രവാചകൻ ശത്രുക്കളോട് വിളിച്ചുപറയുന്നത്. ദൈവജനം എണ്ണത്തിൽ കുറവായിരിക്കാം. ശത്രുക്കൾ എത്ര അധികമെങ്കിലും ആകട്ടെ. നമുക്കെതിരെ നിൽക്കുന്ന ആളുകളുടെ എണ്ണം കണ്ട് നമുക്ക് നിരാശയോ ഭയമോ തോന്നേണ്ടതില്ല. ആളുകളുടെ എണ്ണമല്ല പ്രധാനം, ദൈവസാന്നിധ്യമാണ്. "അസംഖ്യം സമൂഹങ്ങൾ" (3:14) നമുക്കെതിരെ നിൽക്കട്ടെ; ദൈവം നമ്മുടെ ഭാഗത്തുണ്ടായാൽ മതി.

ഗിദെയോൻ പറഞ്ഞത് കേൾക്കുക: "അയ്യോ, കർത്താവേ ഞാൻ യിസ്രായേലിനെ എങ്ങനെ രക്ഷിക്കും? മനശ്ശെയിൽ എന്റെ കുലം എളിയതും എന്റെ കുടുംബത്തിൽ വച്ച് ഞാൻ ചെറിയവനും അല്ലോ" (ന്യായാധിപന്മാർ 6:15). ഞാൻ നിസ്സാരനാണെന്നും ശത്രു എന്നേക്കാൾ ശക്തനാണെന്നുമാണ് ഗിദെയോൻ ഉദ്ദേശിച്ചത്. പക്ഷേ ദൈവം അവന്റെ കൂടെ ഉണ്ടായിരുന്നു. "ഞാൻ നിന്നോടുകൂടെ ഇരിക്കും; നീ മിദ്യാന്യരെ ഒരു ഒറ്റ മനുഷ്യനെപ്പോലെ തോൽപ്പിക്കും" (ന്യായാ. 6:16). ദൈവം കൂടെയുള്ളവന് ശത്രുവിന്റെ കരുത്ത് വിഷയമല്ല എന്നു വ്യക്തമാക്കുന്ന സംഭവമാണ് ഇത്.

**യോവേൽ 3:10**

**"നിങ്ങളുടെ കൊഴുക്കളെ വാളുകളായും വാക്കത്തികളെ കുന്തങ്ങളായും അടിപ്പിൻ; ദുർബ്ബലൻ തന്നെത്താൻ വീരനായി മതിക്കട്ടെ."**

3. **അവരുടെ സമാധാനവും സമൃദ്ധിയും അവസാനിക്കും**

കൊഴു (കലപ്പയുടെ ഭാഗം), വാക്കത്തി ഇവ രണ്ടും കൃഷിക്ക് ഉപയോ

ഗിക്കുന്നതാണ്. അതൊക്കെ യുദ്ധത്തിനു ഉപയോഗിക്കാനായി വാളുകളായും കുന്തങ്ങളായും മാറ്റുക എന്നാണ് പ്രവാചകൻ വിളിച്ചുപറയുന്നത്. അതായത് ദൈവമക്കൾക്കെതിരെ പോരാടാൻ വരുന്ന ശത്രുക്കൾക്ക് ആയുധങ്ങൾ തികയാതെ വരും എന്നർത്ഥം. അവന്റെ ഉപജീവനമാർഗ്ഗം വരെ അവനു തുലക്കേണ്ടി വരും. അവരുടെ കൂട്ടത്തിലെ ദുർബ്ബലൻ വരെ യുദ്ധത്തിനു ഇറങ്ങേണ്ടി വരും. അതായത്, അങ്ങനെയങ്ങ് ഓടിവന്ന് നിഷ്പ്രയാസം നശിപ്പിക്കാവുന്ന ഒരു വിഭാഗമല്ല, ദൈവം പരിപാലിക്കുന്ന ദൈവത്തിന്റെ സ്വന്തം ജനം.

ഓ! നമ്മുടെ വില നാം അറിയുക. നമുക്കെതിരെയുള്ള നീക്കങ്ങൾ കണ്ട് ഭയപ്പെടാതിരിക്കുക. ദൈവം കൂടെയുള്ളവന് മറ്റാരെയും പേടിക്കാനില്ല എന്ന സത്യം നാം തിരിച്ചറിയുക, ഉൾക്കൊള്ളുക. പൗലൊസിനെ കൊന്നുകളയുവോളം ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യുകയില്ല എന്നു നാല്പതിൽ അധികം വരുന്ന യെഹൂദന്മാർ കഠിനശപഥം ചെയ്തു (അപ്പൊ.പ്രവൃ.23:12–13). പക്ഷേ ദൈവം ശൗലിനെ സംരക്ഷിച്ചു. നാല്പതിൽ അധികം വരുന്ന ആ കൂട്ടുകെട്ടിന്റെ പരിശ്രമങ്ങളെ തകർക്കുവാൻ ദൈവം തീരുമാനിച്ചു. നമുക്കെതിരെയുള്ള കൂട്ടുകെട്ടുകളെ കണ്ട് നാം ഭയപ്പെടരുതേ.

**യോവേൽ 3:11**

**"ചുറ്റുമുള്ള സകല ജാതികളുമായുള്ളോരേ, ബദ്ധപ്പെട്ടു വന്നുകൂടുവിൻ; യഹോവേ, അവിടേക്കു നിന്റെ വീരന്മാരെ ഇറങ്ങുമാറാക്കേണമേ"**

**4. നമുക്കുവേണ്ടി ഇറങ്ങുന്നത് ദൈവദൂതന്മാരാണ്**

ചുറ്റുമുള്ള സകല ജാതികളെയും നേരിടാൻ ദൈവത്തിന്റെ വീരന്മാരാണ് ഇറങ്ങുന്നത്. അരാംസൈന്യത്തെ കണ്ട് ഭയപ്പെട്ട ബാല്യക്കാരന്, ദൈവത്തിന്റെ വീരന്മാർ (ദൂതന്മാർ) അഗ്നിമയമായ കുതിരകളും രഥങ്ങളുമായി മല നിറഞ്ഞിരിക്കുന്ന കാഴ്ചയാണ് എലീശ കാണിച്ചുകൊടുത്തത് (2 രാജാക്കന്മാർ 6:17). അശ്ശൂർരാജാവിനെ കണ്ട് ഭയന്നവരോട് യെഹിസ്കീയാവ് പറഞ്ഞത് ഇപ്രകാരമാണ്: "അവനോടുകൂടെ മാംസഭുജമേയുള്ളൂ. നമ്മോടുകൂടെയോ നമ്മെ സഹായിപ്പാനും നമ്മുടെ യുദ്ധങ്ങളെ നടത്താനും നമ്മുടെ ദൈവമായ യഹോവ ഉണ്ട്" (2 ദിനവൃത്താന്തം 32:8).

ദൂതന്മാർ ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷെക്കു അയയ്ക്കപ്പെടുന്ന സേവകാത്മക്കളാണ് (എബ്രായർ 1:14). യേശുവിനെ തന്റെ ഐഹികജീവിതകാലത്ത് ശുശ്രൂഷിച്ചതും ഈ ദൂതന്മാരാണ്. ബലവും ശക്തിയുമേറിയ ദൂതന്മാരാണ് അവർ (2 പത്രൊസ് 2:11). കർത്താവിനെ ശുശ്രൂഷിച്ച ദൂതന്മാർ നമുക്കുവേണ്ടിയും രംഗത്തിറങ്ങുന്നു. അപ്പോൾ നാം വിഐപികളാണ്!

**(തുടരും)**

## സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 57

**എം.വി.എസ്.**

# ട്രാൻസ്ജെൻഡർ
# അനന്യകുമാരി അലക്സിന്റെ ആത്മഹത്യ

*I wonder how long it will be*
*before the trans suicide notes start to feel redundant*
**- Lee Mokobe**
(from his poem, *What It's like to Be Transgender*)

*ട്രാൻസ്ജെന്ററുകളുടെ ആത്മഹത്യാകുറിപ്പുകൾ അധികമാകുന്നുവല്ലോ എന്ന തോന്നൽ (ഈ സമൂഹത്തിന് ഉണ്ടാകാൻ) എത്ര നാളെടുക്കും എന്ന് ഞാൻ അത്ഭുതപ്പെടുന്നു.*

കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജെന്റർ റേഡിയോ ജോക്കിയായ അനന്യകുമാരി അലക്സ് – 'പെണ്ണാകാൻ കൊതിച്ച ആണ്' എന്ന് നമുക്ക് അവളെ വിളിക്കാം. കാരണം അവൾ ശാരീരികമായി നൂറു ശതമാനവും പുരുഷനായിരുന്നു. എന്നാൽ അവളുടെ ഭാവങ്ങളും ചലനങ്ങളും സംസാരവും സ്ത്രീകളുടേതു പോലെയായിരുന്നു. സ്ത്രീയെപ്പോലെ വസ്ത്രം ധരിക്കാനും, ആണായിരിക്കെ മറ്റൊരു ആണിന്റെ ഭാര്യയായിരിക്കാനും അവൾ ആഗ്രഹിച്ചു. അവളിലുള്ള സ്ത്രൈണഭാവത്തെ അവൾ ഇഷ്ടപ്പെട്ടു. സ്നേഹിച്ചു. പൊട്ടു തൊട്ടും സാരിയുടുത്തും ചുണ്ടിൽ ലിപ്സ്റ്റിക്ക് തേച്ചും അവൾ ഒരു സ്ത്രീയെപ്പോലെ തന്നെ ജീവിച്ചു.

എങ്കിലും അവളിലെ പുരുഷാവയവം ഒരു ചോദ്യചിഹ്നം പോലെ അവളെ തുറിച്ചുനോക്കുന്നുണ്ടായിരുന്നു. അതിൽ അവൾ അസ്വസ്ഥയുമായിരുന്നു. ഒടുവിൽ അത് നീക്കം ചെയ്യുന്നതിനായുള്ള സർജറിക്ക് വിധേയയായി. അവിടം മുതൽ എല്ലാം തകിടം മറിഞ്ഞു. മുറിവുകൾ ഉണങ്ങിയില്ല. ആശുപത്രിയെ സമീപിച്ചപ്പോൾ അവർ അവളോടു മോശമായി പെരുമാറുകയും അവളെ മർദ്ദിക്കുകയും ചെയ്തതായാണ് സോഷ്യൽ മീഡിയായിൽ പ്രചരിച്ചിരിക്കുന്നത്. ഒടുവിൽ 2021 ജൂലായ് 20 –ാം തീയതി, തന്റെ ഇരുപത്തിയെട്ടാമത്തെ വയസ്സിൽ അവൾ ആത്മഹത്യ ചെയ്തു.

അതുവരെയുള്ള അവളുടെ ജീവിതത്തിൽ അവൾ ഈ സമൂഹത്തിൽ നിന്നു ഏറ്റുവാങ്ങിയിട്ടുള്ള മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളെപ്പറ്റി അവൾ പലപ്പോഴും സമൂഹത്തോടു തുറന്നു പറഞ്ഞിട്ടുണ്ട്.

വീട്ടിൽ നിന്നും, പ്ലസ്റ്റുവിന് പഠിക്കുമ്പോൾ സ്കൂളിൽ നിന്നും അവൾ ബഹിഷ്കരിക്കപ്പെട്ടു. അവൾ പഠനം നിർത്തി. പിന്നീട് ജീവിക്കാനായി ഭിക്ഷാടനം, പെട്രോൾ പമ്പിൽ ജോലി എന്നിങ്ങനെ പലതും അവൾ ചെയ്തു. പലതവണ പോലീസ് അവളെ വേട്ടയാടി. അവളിലെ സ്ത്രൈണഭാവത്തെ സമൂഹം സംശയത്തോടെ നോക്കുകയും അവളെ മോശക്കാരിയായി കരുതിപ്പോരുകയും ചെയ്തുപോന്നു. ഇതിനോടെല്ലാം പടപൊരുതി അവൾ ഇരുപത്തിയെട്ടു വയസ്സുവരെ പിടിച്ചു നിന്നു. പക്ഷേ സ്ത്രീയെപ്പോലെയാകും എന്നു കരുതി ചെയ്ത സർജറി പരാജയമെന്നു അവൾക്കു തോന്നിച്ചപ്പോൾ അവൾ തളർന്നുപോയി. ഇനിയും അങ്കം പൊരുതാൻ നിൽക്കാതെ അവൾ വിടവാങ്ങി.

വാസ്തവത്തിൽ ഈ സർജറി നടത്തിയാൽ സ്ത്രീയുടേതുപോലെയാകും എന്നു അനന്യ കരുതിയെങ്കിൽ അതു അവളുടെ തെറ്റിദ്ധാരണയായിരുന്നു. ഡോക്ടർമാർ ഈ സർജറിയെപ്പറ്റി ശരിക്കും പറഞ്ഞുകൊടുക്കേണ്ടതായിരുന്നു. പുരുഷാവയവം നീക്കം ചെയ്യാം എന്നതു മാത്രമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാതെ സ്ത്രീയുടേതു പോലെയാകും എന്നില്ല.

ശരീരം പുരുഷന്റേതും എന്നാൽ മനസ്സ് സ്ത്രീയുടേതും എന്ന അവസ്ഥയായിരുന്നു അനന്യയുടേത്. എങ്കിൽ ആ മനസ്സിനെ മാറ്റിയെടുക്കാൻ ഉള്ള സംവിധാനങ്ങളൊന്നും നമ്മുടെ നാട്ടിലില്ലേ? ആ മനസ്സിനെ മാറ്റിയെടുത്തിരുന്നുവെങ്കിൽ അവൾക്ക് പുരുഷനായിത്തന്നെ ജീവിക്കാമായിരുന്നു. സ്ത്രൈണഭാവത്തോടെ ജീവിച്ച എത്രയോ പുരുഷന്മാർ വിവാഹവും കഴിച്ച് ഭാര്യയും മക്കളുമായി ജീവിക്കുന്നു. അനന്യക്കും അതിനുള്ള അവസരം ഉണ്ടായിരുന്നു. പകരം അവൾ ഭാര്യ ആകാനാണ് കൊതിച്ചത്. പുരുഷശരീരവുമായി ജീവിക്കുകയും ഒപ്പം മറ്റൊരു പുരുഷന്റെ ഭാര്യയാവുകയും ചെയ്യുക എന്നു വച്ചാൽ അവിടെ തുറക്കുന്നത് ഹോമോസെക്സിന്റെ കവാടങ്ങളാണ്.

ഇവിടെയെല്ലാം മനസ്സ് ആണ് പ്രശ്നം സൃഷ്ടിച്ചത്. ഒപ്പം സമൂഹം അവളെ ഉൾക്കൊള്ളാൻ തയ്യാറായിരുന്നില്ല. അവളിലുള്ള സ്ത്രീഭാവത്തെ അവർ കളിയാക്കുകയും അവളെ പലപ്പോഴും ഒറ്റപ്പെടുത്തുകയും ചെയ്തു. ഇത്തരം ആളുകളെ ഉൾക്കൊള്ളാനും മുഖത്തു നോക്കി കളിയാക്കാതിരിക്കാനും സമൂഹം പരിശീലിക്കേണ്ടിയിരിക്കുന്നു. ഒരു പക്ഷേ ബന്ധുക്കളും സഹപാഠികളും സമൂഹവും അവളെ ഉൾക്കൊള്ളാൻ തയ്യാറായിരുന്നുവെങ്കിൽ, മനസ്സുകൊണ്ടുള്ള സ്ത്രീഭാവത്തെ മാറ്റിയെടുക്കാൻ അവൾക്കു കഴിഞ്ഞേനേ.

ആണായി ജനിച്ച അവൾ ആണായിത്തന്നെ ജീവിക്കണമായിരുന്നു. പെണ്ണാകാൻ കൊതിച്ച്, ജീവിതം നഷ്ടപ്പെടുത്തിപ്പോയ അനന്യയെക്കുറിച്ച് ഓർക്കുമ്പോൾ ദുഃഖമുണ്ട്. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th August 2021

Posted at
Thrissur RMS

**ആനുകാലികം**

## ഛർദ്ദി കോരാൻ നടക്കുന്നവർ!

തിമിംഗലത്തിന്റെ ഛർദ്ദിൽ കോരാൻ (ശേഖരിക്കാൻ) നടക്കുന്നവരുണ്ട്. ആ ഛർദ്ദിലിന് വലിയ വിലയാണത്രേ! 1.7 കോടി വില വരുന്ന തിമിംഗലഛർദ്ദിലുമായി രണ്ടു പേരെ നമ്മുടെ നാട്ടിൽ അറസ്റ്റ് ചെയ്ത വാർത്ത ഈയിടെ പത്രങ്ങളിലുണ്ടായിരുന്നുവല്ലോ. എത്ര വിലയുണ്ടെന്നു പറഞ്ഞാലും അത് ഛർദ്ദിലാണല്ലോ എന്നു ഞാൻ ചിന്തിച്ചുപോയി. ഇതു കോരിയതിന് ആ പാവങ്ങളെ എന്തിന് അറസ്റ്റ് ചെയ്യണം എന്നു എനിക്കു സംശയം തോന്നാതിരുന്നില്ല.

ഇതു ഉപയോഗിച്ച് പെർഫ്യൂം ഉണ്ടാക്കുമത്രേ! ഇതു സംബന്ധിച്ച ഒരു വിവരണം നോക്കാം:

> കടലിലെ നിധി, ഒഴുകുന്ന സ്വർണ്ണം എന്നൊക്കെയാണ് സ്പേം തിമിംഗലങ്ങളുടെ ഛർദ്ദി അഥവാ ആംബർഗ്രിസ് അറിയപ്പെടുന്നത്. സ്പേം തിമിംഗലത്തിന്റെ സ്രവമാണിത്. പ്രധാനമായും സുഗന്ധദ്രവ്യങ്ങളുടെ നിർമ്മാണത്തിനാണ് ഇവ ഉപയോഗിക്കുന്നത്. തിമിംഗലം ഛർദ്ദിക്കുമ്പോൾ ആദ്യം ദ്രവമായിട്ടാണ് ഇതു കാണപ്പെടുന്നത്. രൂക്ഷമായ ഗന്ധവും അപ്പോൾ ഇതിനുണ്ടാകും. പിന്നീടാണ് ഈ വസ്തു ഖരരൂപത്തിലെത്തുന്നത്. ഇതിനു സുഗന്ധവുമുണ്ടാകും.

❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V